(കെ) ഇതിന് ഒട്ടാകെ എന്ത് ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു; ഇതിന് ഇതുവരെ എന്തു തുക ചെലവായി; ഇതിന്റെ പണി എന്ന് തീർക്കാനാണ് ഉദ്ദേശിക്കുന്നത്;

(എൽ) ഈ പണിയുടെ സൂപ്പർവിഷൻ വർക്ക് ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; പ്രസ്തുത വ്യക്തിയുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 100 അടി നീളവും, 50 അടി വീതിയും, 6 അടി ഉയരവുമുള്ള ഒരു ശിൽപം സ്ഥാപിക്കുന്നുണ്ട്.

(ബി) ഇല്ല. ഉദ്യോഗസ്ഥതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്.

(സി)(ഡി)&(ഇ) ഉണ്ട്. ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ചീഫ് ആർക്കിടെക്ട്, കേരള ലളിതകലാ അക്കാദമി സെക്രട്ടറി, ചീഫ് എൻജിനീയർ (ബിൽഡിംഗ്സ് ആന്റ് ലോക്കൽ വർക്സ്) എന്നിവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ.

(എഫ്)ശ്രീ. കെ.പി. സോമൻ

(ജി)&(എച്ച്) മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 6-10-99-ലെ ജി.ഒ.(ആർ.ടി)7409/99/ജിഎഡി പ്രകാരം ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(ഐ) ഉണ്ട്. ശ്രീ. കെ.പി. സോമനും, തിരുവനന്തപുരം പൊതുമരാമത്ത് ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലാണ് കരാർ ഉണ്ടാക്കിയിട്ടുള്ളത്. പകർപ്പ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

(ജെ) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടെൻഡർ വിളിച്ചിട്ടില്ല.

(കെ) 29,93,500 രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. ഇതുവരെ 10 ലക്ഷം രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. ആറുമാസ കാലയളവിൽ പണി തീർക്കാനാണ് ഉദ്ദേശിക്കുന്നത്.

(എൽ) സൂപ്പർവിഷന് ആരെയും നിയമിച്ചിട്ടില്ല. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ ഇത് സംബന്ധിച്ച പണികൾ മോണിട്ടർ ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

37 (2339) ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥൻമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നിയന്ത്രണം വേണമെന്ന് ഭരണപരിഷ്കാര കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ ശുപാർശകൾക്കുശേഷം ഉദ്യോഗസ്ഥൻമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

38 (2340) പ്ലാനിംഗ് ബോർഡിന്റെ പഠന പ്രസിദ്ധീകരണങ്ങൾ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്ലാനിംഗ് ബോർഡ് എത്ര പഠന പ്രസിദ്ധീകരണങ്ങളും പ്രചരണ പ്രസിദ്ധീകരണങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇവയ്ക്കോരോന്നിനും എത്ര പേജ് വീതമുണ്ട്;

(സി) ഇവയുടെ എത്ര കോപ്പി വീതം അച്ചടിച്ചു; ഇവയ്ക്കുവേണ്ടി എന്തു തുക ചെലവായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 164 പഠനപ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രചരണ പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഓരോ ബുക്കിന്റേയും പേജുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.†

(സി) ആകെ 1,44,44,184 രൂപ ചെലവായിട്ടുണ്ട്. കോപ്പികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

39 (2341) ജീവൻ രക്ഷാപഥക് ലഭ്യമാക്കാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-7-99 രാത്രി വർക്കലയിൽ കിണറ്റിൽ എറിയപ്പെട്ട ലിജി, രജിൻ എന്നീ കുട്ടികളിൽ ഒരാൾ രണ്ടാമത്തെ കുട്ടിയെ വെള്ളത്തിൽ താഴ്ന്നു പോകാതെ ജീവൻ രക്ഷിച്ച സംഭവം നടന്ന ദിവസം പ്രസ്തുത കുട്ടികളുടെ മാതാപിതാക്കൾ മരണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ മരണകാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കുട്ടികൾ ഇപ്പോൾ ആരുടെ സംരക്ഷണത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിരാശ്രയരും, ദരിദ്രകുടുംബത്തിലെ അംഗങ്ങളുമായ പ്രസ്തുത കുട്ടികൾ സംഭവം നടന്ന് മൂന്നുമാസത്തിനുള്ളിൽ ജീവൻരക്ഷാപഥ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly